**എപ്രകാരം യേശുതരുന്ന പാനപാത്രം / രക്തം പാനം ചെയ്യാം ?**

**എപ്രകാരം യേശുതരുന്ന ഭക്ഷണം / ശരീരം ഭക്ഷിക്കാം ?**

Posted by: Suvishesha Rahasyangal Posted date: **09:36** / comm



ശിഷ്യൻമാർ അവനോട് അപേക്ഷിച്ചു: റബ്ബി, ഭക്ഷണം കഴിച്ചാലും. അവൻ പറഞ്ഞു: നിങ്ങൾ അറിയാത്ത ഭക്ഷണം എനിക്കുണ്ട്. ആരെങ്കിലും ഇവനു ഭക്ഷണം കൊണ്ടുവന്നു കൊടുത്തിരിക്കുമോ എന്നു ശിഷ്യൻമാർ പരസ്പരം പറഞ്ഞു. യേശു പറഞ്ഞു: എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം" (യോഹന്നാന് 4:31-34).യേശു ക്രിസ്തു അയച്ച അവിടുത്തെ ശിഷ്യന്മാരുടെ ഭക്ഷണം എന്ത് ? പാനിയം ( പാനപാത്രം) എന്ത്? അയച്ചവന്റെ ഇഷ്ട്ടം പ്രവര്ത്തിച്ച് അയച്ചവന് പറഞ്ഞ ജോലി പൂര്ത്തിയാക്കുക എന്നത് തന്നെ !!

"ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്നു നീ

വിശ്വസിക്കുന്നില്ലേ? ഞാൻ നിങ്ങളോടു പറയുന്ന വാക്കുകൾ സ്വമേധയാ പറയുന്നതല്ല; പ്രത്യുത, എന്നിൽ വസിക്കുന്ന പിതാവ് തന്റെ പ്രവൃത്തികൾ ചെയ്യുകയാണ്. ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്ന് ഞാൻ പറയുന്നതു വിശ്വസിക്കുവിൻ. അല്ലെങ്കിൽ പ്രവൃത്തികൾമൂലം വിശ്വസിക്കുവിന്"(യോഹന്നാന്14:10,11). യേശു ക്രിസ്തുവിലൂടെ സംസാരിച്ചതും പ്രവര്ത്തിച്ചതും പിതാവായ ദൈവം തന്നെ !! പിതാവായ ദൈവം യേശുവില് പരിശുദ്ധ ആത്മാവായി വസിക്കുന്നു !!

പിതാവായ ദൈവം യേശുവിലൂടെ പറഞ്ഞു: "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട് . അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും. എന്തെന്നാൽ, എന്റെ ശരീരംയഥാർഥ ഭക്ഷണമാണ്. എന്റെ രക്തംയഥാർഥ പാനീയവുമാണ്. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു"( യോഹന്നാന്6:54). പിതാവായ ദൈവം യേശുവിലൂടെ വിണ്ടും പറയുന്നു **"ഇത് സ്വര്ഗത്തില് നിന്ന് ഇറങ്ങി വന്ന അപ്പമാണ് "(യോഹന്നാന് 6: 58).**

ഇതില് നിന്ന് അല്പമെങ്കിലും ദൈവാത്മാവിന്റെ സ്പര്ശം ഉള്ളവര്ക്ക് മനസിലാക്കാം, യേശുവിനുള്ളില് വസിക്കുന്ന ( സംസാരിക്കുന്ന )**"പരിശുദ്ധ ആത്മാവ്"** തന്നെയാണ് നിത്യജീവന് മനുഷ്യര്ക്ക് നേടിത്തരുന്ന സ്വര്ഗത്തില് നിന്ന് ഇറങ്ങി വന്ന **അപ്പം**എന്ന് ! അത് മനസിലാക്കണം എങ്കില് യേശുവില് പരിശുദ്ധ ആത്മാവായി വസിക്കുന്ന പിതാവിനെ ദര്ശിക്കാന് പഠിക്കണം !!!.**യേശുവില് വചനം പാലിച്ച് യേശു ക്രിസ്തുവിലൂടെ പരിശുദ്ധ ആത്മാവിനെ തിന്നുന്നവര് (ശരീരത്തില് സ്വീകരിക്കുന്നവര്) നിത്യജീവന് നല്കുന്ന അപ്പം (ക്രിസ്തുവിന്റെ വിന്റെ ശരീരം ) തിന്നുന്നു !!** യേശു പറയുന്നു: " എന്നെ സ്നേഹിക്കുന്നവന് എന്റെ വചനം പാലിക്കും . അപ്പോള് എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങള് അവന്റെ അടുത്തുവന്ന് അവനില്

വാസമുറപ്പിക്കുകയും ചെയ്യും"( യോഹന്നാന് 14 : 23 ).

യേശുവിലൂടെ പിതാവായ ദൈവം വിണ്ടും പറയുന്നു:"ആത്മാവാണ് ജീവന് നല്കുന്നത് ;ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. നിങ്ങളോട് ഞാന് പറഞ്ഞവാക്കുകള് ആത്മാവും ജീവനുമാണ്" (യോഹന്നാന് 6:63). ഈ വചനത്തിലൂടെ ഭൗതികമായി എന്തെങ്കിലും ഉണ്ടാക്കി തിന്നാല് അതിലൂടെ ആര്ക്കും നിത്യജീവന് നേടിത്തരുന്ന അപ്പം തിന്നാന് പറ്റില്ല എന്നും, അതിനു യേശുക്രിസ്തുവിലൂടെ പിതാവായ ദൈവം അറിയിച്ച വചനങ്ങള് അനുസരിക്കണം എന്നും പറഞ്ഞിരിക്കുന്നു!

**"സഭ" ( വിശ്വാസികളുടെ സമൂഹം) കർത്താവിന്റെ ശരീരം തന്നെ(എഫെസോസ്1:23 ).** **"ക്രിസ്തുവിന്റെ സഭ "** നിത്യജീവന് മനുഷ്യര്ക്ക് കൊടുക്കുന്ന **"അപ്പം"** തന്നെ !!! സാവൂള് സഭയെ പീഡിപ്പിച്ചപ്പോള് കര്ത്താവ് അത് തന്നെ തന്നെ പീഡിപ്പിച്ചതായി കണക്കാക്കി **( അപ്പ : പ്ര 9 : 4 ).** തന്നില് വിശ്വസിക്കുന്നവനു കൊടുക്കുമ്പോള് അത് തനിക്കു തന്നെ തന്നതായി കര്ത്താവ് കണക്കാക്കുന്നു .**( മത്തായി 25 : 40 )!!** അങ്ങനെ വിശ്വസിയുടെ ശരിരവും രക്തവും, കർത്താവു തന്റെ തന്നെ ശരിരവും രക്തവുമായിട്ട് കാണുന്നു !!!! ആയതിനാല് മാനസാന്ദ്രപെടാതെയും ശിഷ്യപെടാതെയും ഒരാൾ അശുദ്ധിയോടെ കൂട്ടയ്മയിൽ നിന്നും കർത്താവിന്റെ ഓര്മ ആചര്ണത്തില് ചേർന്നാൽ , അവൻ ആ"കൂട്ടായ്മ" ആകുന്ന "കർത്താവിന്റെ ശരീരം"അശുദ്ധിപെടുത്തിയതിനു തെറ്റുകാരൻ ആകുന്നു **( 1 കൊറന്തി 11 : 27 - 30 )** മാത്രവുമല്ല വിശ്വാസി ഒരേ മനസോടെ പാപികളുടെകൂടി ഭക്ഷണം കഴിക്കരുത് **( 1 കോറി 5: 11 )** !!

**"ദൈവ വചനം" അനുസരിക്കുന്നതിലൂടെ മനുഷ്യര്ക്ക് പാനപാത്രം(രക്തം ) കുടിയും അതിലൂടെ നിത്യജീവന് നേടി തരുന്ന അവിടുത്തെ ശരീരവും ഭക്ഷിക്കാന് ലഭിക്കുന്നു!!!**

**എന്താണ് പിതാവ് ഉദേശിച്ച രക്തം കുടി ?**

**"ജീവനോടുകൂടിയ, അതായത്, രക്തത്തോടുകൂടിയ മാംസം ഭക്ഷിക്കരുത്"(ഉല്പ്പത്തി 9:4)......>>(രക്തം = ജീവന് )<< ......"രക്തം ഭക്ഷിക്കരുത്; രക്തം ജീവനാണ്"( നിയമാവര്ത്തനം 12:23).(ലേവ്യര്17 : 11, 1 4 )..**

**അപ്പോള് എന്താണ് രക്തം കുടി??** "ജീവന്കുടിക്കുക" അല്ലെങ്കില്"ജീവന് നേടുക" എന്ന് തന്നെ !! മറിച്ചു ആരുടെ എങ്കിലും രക്തം ഊറ്റികുടിക്കുക എന്നല്ല!! അല്ലെങ്കില് കൃത്രിമമായി യേശുവിന്റെ രക്തം ഉണ്ടാക്കി കുടിക്കുക എന്നല്ല !!

"പുത്രനെ സ്വന്തമാക്കിയവന് ജീവനെ സ്വന്തമാക്കിയിരിക്കുന്നു "(1 യോഹ 5 :12 ).ഓര്മ്മിക്കുക യേശു ഒരിടത്തും വീഞ്ഞു തന്റെ രക്തം ആകുന്നുഎന്ന് പറഞ്ഞിട്ടില്ല!!

**എന്താണ് പാനപാത്രം ?**

"യേശു പ്രതിവചിച്ചു: നിങ്ങൾ ആവശ്യപ്പെടുന്നത് എന്താണെന്നു നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിക്കുന്ന പാനപാത്രം കുടിക്കാനോ ഞാൻ സ്വീകരിക്കുന്ന സ്നാനം സ്വീകരിക്കാനോ നിങ്ങൾക്കു കഴിയുമോ?"( മര്ക്കോസ് 10 :38)....>> **(പാനപാത്രം= യേശുക്രിസ്തുവിന്റെ വചനം പാലിച്ചതിനെ പ്രതിയുള്ളസന്തോഷവും, സുഖവും, ദു:ഖവും പീഡാസഹനവും ജഡശരീരത്തിലെ മരണവും ). (സ്നാനം = മരിച്ചുയര്പ്പ് )**<<......കര്ത്താവിന്റെ വചനം പാലിച്ചതിന്റെ പേരില് ഉണ്ടാകുന്ന സന്തോഷവും, സുഖവും, ദു:ഖവും ജഡമരണവും മറ്റു ദുരിതങ്ങളുമാകുന്ന അനുഭവങ്ങള് കര്ത്താവിന്റെ പാനപത്രം!! അത് കുടിക്കുന്നവര് (അനുഭവിക്കുന്നവര്) നിത്യജീവന് (രക്തം ) കുടിക്കുന്നു!!

ബൈബിളിൽ **(ജറമിയ 25:15) , (ഏശയ്യാ 51: 17 ), (ഹബക്കുക്ക് 2:15,1), (സങ്കീ116 : 13 ), ( മത്തായി 26:42), (മാർകോസ്**

**14:36), ( ലൂക്കാ 22:42) , (മത്തായി 26:39), (കൊറന്തി 10:21), (മാർകോസ് 10: 38 ),(മത്തായി 26:39)** ഇങ്ങനെ അനേകം വചനങ്ങളിലൂടെ ദൈവം ഇത്തരത്തിലുള്ള പലതരം **"അനുഭവങ്ങൾ"** ആകുന്ന പാനപാത്രങ്ങളെ കുറിച്ച് പറഞ്ഞിരിക്കുന്നു!! ഈ ഭാഗങ്ങൾ എടുത്തു വായിച്ചിട്ട് ദൈവത്തോട് പ്രാർത്തിക്കുക .. അപ്പോൾ മനസിലാകും ദൈവം ഉദേശിച്ച **"പാനപാത്രം"** എന്തെന്ന്!!

താങ്കള്ക്ക് യേശുവിന്റെ ഈ "**പാനപാത്രം**" കുടിക്കാന് പറ്റുമോ എന്ന് അറിയാന് ധൈര്യമായി അന്യജാതിക്കാരുടെ ഇടയില് ഇറങ്ങി ചെന്ന്, യേശു ക്രിസ്തു പഠിപ്പിച്ച ദൈവഭക്തിയും മാനസാന്ധരവും മനുഷ്യരെ പഠിപ്പിക്കുവാന് ശ്രമിക്കുക!! അപ്പോള് കാണാം !! കൂടുതല് കുടിക്കാന് താല്പ്പര്യം ഉള്ളവര് !! ഗള്ഫ് രാജ്യങ്ങളില് പോയി ധൈര്യമായി യേശു പഠിപ്പിച്ച നിത്യജീവന് നേടിത്തരുന്ന വഴി മനുഷ്യരെ പഠിപ്പിക്കുക !!

**"ഓര്മ്മ ആചരണം" എന്നത് ക്രിസ്തു വിശ്വാസികളുടെ കൂട്ടയ്മ കൂടിവരുമ്പോള് അതിലേ ദൈവകൃപ കൂടിയ മനുഷ്യനാല് നടത്തപ്പെടുന്ന യേശു ക്രിസ്തുവിന്റെ അന്ത്യഅത്താഴത്തിന്റെ (പാനപാത്ര ഉടമ്പടിയുടെ ) പ്രതീകാല്മക ആവര്ത്തനം മാത്രം!! രക്ഷകന്റെ ഓര്മ്മക്കായി അത് ചെയ്യുന്നതിനാല് അതിന് അതിന്റേതായ പ്രാധാന്യം ഉണ്ട് .. അത് ഒരു ബലി അര്പ്പണം അല്ലതാനും.....**

.ഇനിയും മനസിലാകാത്തവര്ക്ക് >>>മനുഷ്യൻ ചുട്ട അപ്പത്തിനു ഒരിക്കലും നിത്യ ജീവന് കൊടുക്കാൻ സാദ്യമല്ല , കാരണം മനുഷ്യനാൽ നിർമ്മിക്കപെട്ട അപ്പത്തിനു ജീവൻ ഇല്ല എന്നത് തന്നെ!!! " എന്തെന്നാൽ, **" പ്രപഞ്ചത്തെയും അതിലുള്ള സകലത്തെയും സൃഷ്ട്ടിച്ചവനും സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവുമായ ദൈവം മനുഷ്യൻ നിർമ്മിത ആലയങ്ങളിലല്ല വസിക്കുന്നത് "( അപ്പ :പ്ര 17:24).** മനുഷ്യൻ നിർമ്മിക്കുന്ന അപ്പം ആകുന്ന ആലയത്തിൽ വസിക്കുന്നവൻ അല്ല നമ്മുടെ കർത്താവ് !!!!!

**" ലോകത്തെയോ ലോകത്തിലുള്ള വസ്തുകളെയോ നിങ്ങൾ സ്നേഹിക്കരുത് "( 1 യോഹന്നാൻ 2:15)** . മനുഷ്യൻ നിർമ്മിച്ച അപ്പം എത്ര വെളുപ്പിച്ചു കനം കുറച്ചു വട്ടത്തിൽ ആക്കിയാലും അത് ഒരു വസ്തു തന്നെയാണ് !!!!

**"മാംസം ഭക്ഷിക്കാതെയും വീഞ്ഞു കുടിക്കാതെയും നിന്റെ സഹോദരനു പാപകാരണമാകുന്നതൊന്നും ചെയ്യാതെയും ഇരിക്കുന്നതു നല്ലത്"(റോമാ 14: 21).(സംഖ്യ 6: 2 ) (ലേവ്യര് 10 : 9 ).**

വീണ്ടും ( 1 തിമോത്തിയോസ് 5 : 23) ല് വി . പൗലോസ് , വി . തിമോത്തിയോസ് എന്ന ക്രിസ്തു ശിഷ്യനോട് വെള്ളം മാത്രം കുടിക്കാതെ അല്പ്പം വീഞ്ഞു ഉദരരോഗം നിമിത്തം കുടിക്കാന് ഉപദേശിക്കുമ്പോള് ഒരു കാര്യം വ്യക്തമാകുന്നു ..വി . തിമോത്തി അല്പം പോലും വീഞ്ഞു കുടിക്കാത്ത സഹോദരന് ആയിരുന്നു എന്ന് !!..
"പാന പാത്രത്തില്" നിന്നും കുടിക്കുക എന്നതും,
" മുന്തിരിയുടെ ഫലത്തിൽ" നിന്നും ദൈവരാജ്യത്തിൽ എത്തുമ്പോൾ കുടിക്കുക എന്നതും(ലൂക്ക 22 : 18). രണ്ടും വ്യത്യസ്ത അർഥങ്ങൾ ആണെന്ന് മനസിലാക്കുമെല്ലോ!!!ഇത് അറിയണം എങ്കില് ആദ്യം ആരാണ് മുന്തിരി ? ആരാണ് മുന്തിരി വള്ളിയുടെ ശാഖ? എന്താണ് മുന്തിരിയുടെ ഫലം? എന്താണ് ദൈവരാജ്യത്തില് എത്തുമ്പോള് ഉള്ള മുന്തിരി വള്ളിയുടെ അനുഭവം ?എന്നും മനസിലാക്കണം !!....മാത്രമല്ല , യേശുക്രിസ്തുവിന്റെ രക്തം കുടിക്കുക എന്നാല്, അത് വീഞ്ഞു ഉണ്ടാക്കി കുടിക്കുക എന്ന അവസ്ഥയാണ് എന്ന് ഒരിക്കലും കരുതരുത് ...കാരണം, മുന്തിരി ഇല്ലാത്തതും വീഞ്ഞു ഉണ്ടാക്കാന് അറിയിലാത്തതുമായ അനേകം രാജ്യങ്ങള് ഇന്നും ഭൂമിയില് ഉണ്ട് !!! അവരെല്ലാം വീഞ്ഞു കുടിക്കാതെ നശിക്കില്ലേ ?? അതുപോലെ തന്നെ കുട്ടികള്ക്ക് സ്ഥിരമായി വിഞ്ഞു കൊടുക്കുന്നത് അവരെ ഭാവിയില് മദ്യപാന ആസക്തിയിലേക്കും നയിക്കും!!! എന്തിന് സമൂഹത്തില് മദ്യപാന ആസക്തി വര്ധിപ്പിക്കണം ??

അതിനാല് തന്നെ കര്ത്താവിന്റെ ഓര്മ്മ ആചരണം പ്രായപൂര്ത്തിയായ വിശ്വാസികള് ചേര്ന്നു നടത്തുന്നത് കൂടുതല് ഉചിതം !!! കുട്ടികള് ഇവ കണ്ടു പഠിക്കട്ടെ ... ..

**NB:** അപ്പവും വീഞ്ഞും യേശുവിന്റെ ശരീരവും രക്തവുമായി തീരും എന്ന "ട്രാൻസ് സബ്സ്റ്റാന്സിയെഷന്" സിദ്ധാന്തം കണ്ടുപിടിച്ചത് **പസ്ക്കസിയാസ് രാട്ബർത്ടുസ് (Pascasius Radburtus)**ആണ്. De Corpore et Sanguine Domini (written between 831 and 833), എന്ന പുസ്തകത്തിലാണ് ഇദേഹം ഈ കണ്ടുപിടുത്തം അവതരിപ്പിച്ചിരിക്കുന്നത്. അതെ തുടർന്ന് 1215 ഇല് **പോപ് ഇന്നസെന്റ് മൂന്നാമൻ** വിശ്വാസ സത്യമായി ഇത് പ്രക്യാപിച്ചു റോമെന് കത്തോലിക്കാ സഭയില് നടപ്പാക്കി !!. **അതായത് 9 ആം നൂറ്റാണ്ടിനു മുന്പ്പുള്ള ക്രിസ്ത്യാനികൾ ഇങ്ങനെ അല്ല**